**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകൾ ഉള്ള സംസ്ഥാനം കേരളമാണ് എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ചെറിയ സംസ്ഥാനമാണ് കേരളം. മറ്റു സംസ്ഥാനങ്ങളെല്ലാം കേരളത്തേക്കാൾ മൂന്നിരട്ടി വലിപ്പമുള്ളതാണ്, എന്നാൽ ജനസാന്ദ്രത (Density of Population) കേരളത്തിൽ ഏറ്റവും കൂടുതലും മറ്റു സംസ്ഥാനങ്ങളിലെ ജനസാന്ദ്രത കേരളത്തേക്കാൾ വളരെ കുറവുമാണ്. ഈ കാരണത്താൽ കേരളത്തിൽ ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. മാത്രമല്ല കേരളത്തിലെ ഭൂമിയുടെ നല്ലൊരു ഭാഗം വനമേഖലയും തോട്ടം ഭൂമിയും മറ്റ് ചില ഭാഗങ്ങൾ CRZ-ന്റെ പരിധിയിൽ വരുന്ന ഭൂമിയുമാണ്. വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയുടെ ലഭ്യത കേരളത്തിൽ തുലോം കുറവാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഫാക്ടറികളുടെയും ചെറുകിട ഇടത്തരം വ്യവസായങ്ങളുടെയും എണ്ണം മാത്രം കേവല താരതമ്യം ചെയ്യുന്നത് ശാസ്ത്രീയമല്ല എന്നാണ് കാണുന്നത്. വ്യവസായ സ്ഥാപനങ്ങളുടെ എണ്ണവും സംസ്ഥാനത്തിന്റെ വിസ്തീർണ്ണവും തമ്മിലുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ സ്ഥാനം മെച്ചപ്പെട്ടതായിരിക്കും എന്ന് കാണാവുന്നതാണ്. മാത്രമല്ല ഈ സർക്കാരിന്റെ വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ സാരമായ വർദ്ധന സമീപകാലത്ത് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് പ്രകാരം കേരളത്തിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഉള്ള വ്യവസായ യൂണിറ്റുകൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ എന്നിവയുടെ എണ്ണവും ഈ മേഖലയിൽ ഉള്ള മൂലധന നിക്ഷേപവും തൊഴിൽ അവസരങ്ങളും സംസ്ഥാനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ Handbook of Statistics on Indian States 2021-22 റിപ്പോർട്ടിലാണ് സംസ്ഥാനം തിരിച്ചുള്ള ഫാക്ടറികളുടെയും (STATE-WISE NUMBER OF FACTORIES) ചെറുകിട ഇടത്തരം വ്യവസായങ്ങളുടെയും (STATE-WISE MEDIUM & SMALL SCALE INDUSTRIES - TOTAL NUMBER OF UNITS) കണക്കുകൾ പരാമർശിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 36 സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം 12 ആണ്. റിപ്പോർട്ടിൽ പരാമർശിക്കുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശദവിവരങ്ങൾ പട്ടികരൂപത്തിൽ താഴെചേർക്കുന്നു. |

| ക്ര. നമ്പർ | സംസ്ഥാനം | ഫാക്ടറികളുടെ എണ്ണം (2019-20) | സ്ഥിര നിക്ഷേപം 2019-20 (ലക്ഷത്തിൽ) | തൊഴിൽ ലഭ്യത ( 2019-20 ) |
|---|---|---|---|---|
| 1 | കേരളം | **7796** | **5621182** | **341411** |
| 2 | തമിഴ്നാട് | **38837** | **30725218** | **2663069** |
| 3 | കർണാടകം | **14169** | **22492822** | **1081116** |
| 4 | ആന്ധ്രാപ്രദേശ് | **16924** | **20654656** | **663574** |
| 5 | തെലുങ്കാന | **15271** | **9690004** | **787105** |

| ക്ര. നമ്പർ | സംസ്ഥാനം | ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ എണ്ണം (NSS 73rd Round (2015-16) (ലക്ഷത്തിൽ ) | സ്ഥിര നിക്ഷേപം (Fourth Census)(2006-07) (കോടിയിൽ) | തൊഴിൽ ലഭ്യത NSS 73rd Round (2015-16) (ലക്ഷത്തിൽ ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കേരളം | **23.79** | **44353.53** | **44.64** |
| 2 | തമിഴ്നാട് | **49.48** | **77824.34** | **96.73** |
| 3 | കർണാടകം | **38.34** | **27161.11** | **70.84** |
| 4 | ആന്ധ്രാപ്രദേശ് | **33.87** | **32757.63** | **55.99** |
| 5 | തെലുങ്കാന | **26.05** | **NA** | **40.16** |

സെക്ഷൻ ഓഫീസർ